പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം
2019 ഒക്ടോബർ 29 , ചൊവ്വ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം : 414
ശ്രീ.പി.കെ.ബഷീർ
ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അധ്യാപകർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ; | സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അധ്യാപകർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ റീ ടെൻഡറിനു മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചു വരുന്നു. |
| (ബി) | പദ്ധതിയുടെ ടെൻഡറിൽ പങ്കെടുത്ത ഇൻഷ്വറൻസ് കമ്പനികൾ ഏതെല്ലാമാണ് എന്നറിയിക്കാമോ; ഇതിൽ ആർക്കാണ് പദ്ധതി അനുവദിച്ചു നൽകിയത്; അനുവദിച്ച ടെൻഡർ ക്യാൻസൽ ചെയ്തിട്ടുണ്ടോ; എന്തുകൊണ്ടാണ് പ്രസ്തുത ടെൻഡർ ക്യാൻസൽ ചെയ്യേണ്ടി വന്നതെന്ന് വ്യക്തമാക്കുമോ; | മെഡിസെപ് പദ്ധതിയുടെ ഭാഗമായുള്ള ഇ ടെൻഡറിൽ താഴെ പറയുന്ന ഇൻഷ്വറൻസ് കമ്പനികൾ പങ്കെടുത്തു .<br>1.നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്<br>2.ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്<br>3.ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്<br>4.ബജാജ് അലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്<br>5.റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്<br>പ്രൊപ്പോസലുകളുടെ പരിശോധനയിൽ ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുകയായ 2992.48/- രൂപ (18% GST ഉൾപ്പെടെ) രേഖപ്പെടുത്തിയ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് പദ്ധതി നടത്തിപ്പിനായി 27.04.2019-ലെ 49/2019/ ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകുകയുണ്ടായി . എന്നാൽ ആർ.എഫ്.പി (REQUEST FOR PROPOSAL)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | പുതുതായി ഈ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി സർക്കാർ ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികളാണ് ടെൻഡറിൽ പങ്കെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | പുതുതായി ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി സർക്കാർ ടെൻഡർ ക്ഷണിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതി എന്നുമുതൽ തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്നും എന്നുമുതൽ ജീവനക്കാരിൽ നിന്നും പ്രീമിയം തുക സ്വീകരിക്കുന്നതെന്നും വ്യക്തമാക്കുമോ? | റീ ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതി പ്രാബല്യത്തിൽ വരുന്ന തീയതി , ജീവനക്കാരിൽ നിന്നും ഈടാക്കുന്ന പ്രീമിയം തുക തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**